പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് ദീർഘകാല അവധി അനുവദിക്കാൻ നടപടി

* 391. [419] ശ്രീ. കെ. പി. എ. മജീദ് :
,, ഇ. ടി. മുഹമ്മദ് ബഷീർ :
,, പി. കെ. കുഞ്ഞാലിക്കുട്ടി :
,, എം. പി. എം. ഇസ്ഹാക് കുരിക്കൾ :
,, നാലകത്ത് സൂപ്പി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കമ്പനീസ് ആക്ട് അനുസരിച്ച് സംസ്ഥാനത്ത് രജിസ്റ്റർ ചെയ്തിട്ടുള്ള പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് വിദേശത്തു ജോലിക്കുപോകുന്നതിന് ദീർഘകാല അവധി അനുവദിക്കാറുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അവധി നൽകുന്നതിനുള്ള നിബന്ധനകൾ എന്തെല്ലാമാണ് ;

(സി) ഇല്ലെങ്കിൽ ദീർഘകാല അവധി പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാർക്കും അനുവദിക്കുന്നതിനുവേണ്ടി നടപടികൾ സ്വീകരിക്കുമോ ?

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) :

(എ) വിദേശത്തു ജോലിക്ക് പോകുന്നതിനുവേണ്ടി ദീർഘകാല അവധി അനുവദിക്കുന്ന കാര്യം അതാതു കമ്പനികൾ തന്നെ തീരുമാനിക്കേണ്ട കാര്യമാണ്. ഇക്കാര്യത്തിൽ, പൊതുവായ ഉത്തരവുകൾ ഒന്നുംതന്നെ ഗവൺമെൻറ് പുറപ്പെടുവിച്ചിട്ടില്ല.

(ബി) ഉദിക്കുന്നില്ല.

സ്പെഷ്യലിസ്റ്റുകളുടെ സേവനം ലഭ്യമല്ലാത്ത താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രികൾ

* 392. [420] ശ്രീ. കെ. പി. പ്രഭാകരൻ :
ഡോക്ടർ സുബ്ബറാവു :
ശ്രീ. പി. കുമാരൻ :
,, വി. കെ. രാജൻ :
,, എം. കെ. കേശവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഓരോ വിഭാഗത്തിലും സ്പെഷ്യലിസ്റ്റുകളുടെ സേവനം ലഭ്യമല്ലാത്ത എത്ര താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രികൾ സംസ്ഥാനത്തുണ്ട് ;

(ബി) ഒരു സ്പെഷ്യലിസ്റ്റ് പോലും നിയമിക്കപ്പെടാത്ത എത്ര ആശുപത്രികൾ സംസ്ഥാനത്തുണ്ട് ;

(സി) എല്ലാ വിഭാഗങ്ങളിലും സ്പെഷ്യലിസ്റ്റുകളായ ഡോക്ടർമാരെ ഈ ആശുപത്രികളിൽ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) :

LIBRARY ARCHIVES Kerala Legislative Assembly

(എ) ഓരോ വിഭാഗത്തിലും സ്പെഷ്യലിസ്റ്റുകളുടെ സേവനം ലഭ്യമല്ലാത്ത താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രികളുടെ എണ്ണം താഴെ പറയും പ്രകാരമാണ്.

മെഡിക്കൽ വിഭാഗം	32
സർജിക്കൽ വിഭാഗം	34
ഗൈനക്കോളജി	32
പീഡിയാട്രിക്സ്	8
കണ്ണ്	13
ഇ. എൻ. റ്റി.	13
ഡെന്റൽ	15
ഓർത്തോപീഡിക്സ്	41
സ്കിൻ ആൻറ് വി. ഡി.	39
ഫിസിക്കൽ മെഡിസിൻ	44
സൈക്കാട്രി	44

(ബി) 7 താലൂക്ക് ആശുപത്രികളിൽ ഉണ്ട്. (ചെങ്ങന്നൂർ, നെടുംകണ്ടം, അടിമാലി, കൊച്ചിൻ, സുൽത്താൻബത്തേരി, കാസർകോട്, തലശ്ശേരി).

(സി) പൊതുജനങ്ങൾക്ക് കൂടുതൽ സേവനം ലഭ്യമാകുന്നതിന് കഴിയുന്നിടത്തോളം, ലഭ്യതയനുസരിച്ച്, മെഡിക്കൽ, സർജറി, ഇ. എൻ. റ്റി., ഗൈനക്കോളജി എന്നിങ്ങനെയുള്ള വിഭാഗങ്ങളിൽ ബിരുദാനന്തര ബിരുദം നേടിയ ഡോക്ടർമാരെ നിയമിക്കുന്നുണ്ട്.

പി. എസ്. സി. യിൽ കമ്പ്യൂട്ടറൈസേഷൻ

* 393. [421] ശ്രീ. തോമസ് കല്ലംപള്ളി :
,, ടി. എസ്. ജോൺ :
,, പി. സി. ജോർജ് :
,, എം. വി. മാണി :
,, സി. എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സഭയിൽ മറുപടി നൽകുമോ :

(എ) പി. എസ്. സി. യിൽ കമ്പ്യൂട്ടർ സ്ഥാപിക്കാൻ ആലോചനയുള്ളതായി അറിയുമോ ;

(ബി) പി. എസ്. സി. യിൽ ലഭിക്കുന്ന അപേക്ഷകൾ വേഗം പരിശോധിച്ച് പരീക്ഷ വളരെവേഗം നടത്തുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ ?

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) :

(എ) ഇപ്പോൾ പി. എസ്. സി. യുടെ പരിഗണനയിലില്ല.
(ബി) വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

തൊഴിൽക്കരം ഏകീകരണം

* 394. [422] ശ്രീ. എ. കെ. പത്മനാഭൻ :
,, വി. ജെ. തങ്കപ്പൻ :
ശ്രീമതി പി. ദേവൂട്ടി :
ശ്രീ. ഇ. പത്മനാഭൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും ദേവസ്വവും വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ :

(എ) നഗരങ്ങളിലേയും പഞ്ചായത്തുകളിലേയും തൊഴിൽക്കരം ഏകീകരിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly